തൃശ്ശൂർ കോൾ മേഖലയിലെ നെല്ല് സംഭരണം

120 [2019] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോൾ മേഖലയിലെ നെല്ല് സംഭരണത്തിനായി സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ സീസണിൽ നെല്ല് സംഭരണത്തിനായി സർക്കാർ പ്രത്യേകമായി എന്തു സഹായമാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കോൾ മേഖലയിലെ നെല്ലു സംഭരിക്കുന്നതിനായി കളക്ടർ ചെയർമാനായുള്ള ജില്ലാതലകമ്മിറ്റി കൂടുകയും കർഷകർക്കും സംഭരണ ഏജൻസികൾക്കും സ്വീകാര്യമായ സംഭരണവില നിശ്ചയിക്കുകയും ചെയ്തു. പുറവ്പിന് കിന്റലിന് 720 രൂപയും വെള്ളയ്ക്ക് 700 രൂപയും ആണ് സംഭരണ വിലയായി നിശ്ചയിച്ചിരിക്കുന്നത്. സംഭരണത്തിനായി സഹകരണ ബാങ്കുകളും പാടശേഖര സമിതികളും ഉൾപ്പെടെ 27 സംഘങ്ങൾക്ക് സംഭരണത്തിന് അനുമതി നൽകി. സംഭരണത്തിനായി അനുവദിച്ച 279 ലക്ഷം രൂപയിൽ 70% തുക കോൾമേഖലയിലെ സംഭരണ ഏജൻസികൾക്കും കർഷകർക്കും വിതരണം നടത്തി. 2.2 കോടി രൂപ കൂടി അനുവദിച്ചത് ഉപയോഗപ്പെടുത്തി കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുന്നതാണ്.

(ബി) നിലവിലുള്ള ആനുകൂല്യങ്ങൾ മാത്രമേ ഈ സീസണിലും നെല്ലു സംഭരണത്തിനായി നൽകുന്നുള്ളൂ.

കോൾ കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി

121 [2020] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ കോൾ കൃഷി പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് കർഷകരുടെ നിവേദനങ്ങൾ ലഭിച്ചിരുന്നോ ;

(സി) എങ്കിൽ ഇവയിൽ ഏതെല്ലാം ആവശ്യങ്ങളാണ് പരിഗണിച്ചതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കോൾകൃഷി വികസിപ്പിക്കുന്നതിനായി തൃശ്ശൂർ കോൾ വികസന ഏജൻസി രൂപീകരിച്ചിട്ടുണ്ട്. ഈ ഏജൻസിവഴി നടത്തിവരുന്ന വികസന പ്രവർത്തനങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള കനാലുകൾ, ബണ്ടുകൾ, റഗുലേറ്ററുകൾ, കനാൽ പാലങ്ങൾ, നടപ്പാലങ്ങൾ, എഞ്ചിൻഷെഡുകൾ, സ്ലൂയിഡുകൾ, റാമ്പുകൾ എന്നിവയുടെ നിർമ്മാണം, പ്രകൃതിക്ഷോഭ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ, വിത്ത്, വളം, കുമ്മായം എന്നിവയ്ക്കുള്ള ധനസഹായ വിതരണം എന്നിവ നടത്തിയിട്ടുണ്ട്.

(ബി, സി) ഇതുസംബന്ധിച്ച് ലഭിച്ച നിവേദനത്തിലെ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

കോൾ നിലങ്ങളുടെ ബണ്ട് പുനർനിർമ്മാണവും കൃഷി സംരക്ഷണവും

122 [2021] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കാട്ടുകാമാൽ പ്രദേശത്ത് കോൾ നിലങ്ങളുടെ ബണ്ട് തകർന്ന് കൃഷി നശിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ബണ്ട് പുനർനിർമ്മിക്കാനും കർഷകർക്ക് വന്നിട്ടുള്ള നഷ്ടപരിഹാരം നൽകാനും എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ബണ്ടും അനുബന്ധ ഭാഗങ്ങളും പുനർനിർമ്മിക്കുന്നതിന് തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് കൃഷി ഡയറക്ടർ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ ജില്ലാ കോൾ വികസന ഏജൻസി

123 [2022] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ, പൊന്നാനി കോൾ വികസന ഏജൻസിക്ക് കീഴിൽ വരുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പൊന്നാനി കോൾ വികസന ഏജൻസിയുടെ വികസന പ്രവർത്തനങ്ങൾ ഈ പ്രദേശത്ത് നടക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly